പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1169 11.7.2011- ൽ മറുപടിയ്ക്ക്

## കാർഷിക മേഖലയിൽ കീടനാശിനികളുടെ പ്രയോഗം വർദ്ധിച്ചുവരുന്ന സാഹചര്യം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ബാബു എം.പാലിശ്ശേരി: | ശ്രീ. കെ.പി.മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| എ) കാർഷിക മേഖലയിൽ കീടനാശിനികളുടെ പ്രയോഗം ദിനംപ്രതി വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത് കുറച്ചുകൊണ്ട് വരുന്നതിന് കൃഷി വകുപ്പ് സ്വീകരിച്ചു വരുന്ന നടപടികൾ എന്തൊക്കെയാണ്; | (എ) കഴിഞ്ഞ (2005-10) അഞ്ചുവർഷമായി കീടനാശിനികളുടെ ഉപയോഗം താരതമ്യേന കുറഞ്ഞു വരുന്നതായാണ് പഠനങ്ങൾ റിപ്പോർട്ട് ചെയ്യുന്നത്. കൂടാതെ കേരള സംസ്ഥാന ജൈവ കാർഷിക നയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ കീടനാശിനികളുടെ വിതരണവും ഉപയോഗവും നിയന്ത്രിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ സർക്കാർ ഉത്തരവിലൂടെ പുറപ്പെടുവിച്ചിട്ടുണ്ട്. (ജി.ഒ (എം.എസ്) നം.22/2011/കൃഷി തിയതി 17.1.2011). ഇതു കൂടാതെ ജൈവ കാർഷിക നയത്തിന്റെ ഭാഗമായി കർഷകർക്കും ഉദ്യോഗസ്ഥർക്കും പരിശീലനം നടത്തിവരുന്നു. സംയോജിത കീടനിയന്ത്രണ പദ്ധതിയാണ് പ്രോത്സാഹിപ്പിക്കുന്നത്. |

(ബി) കൃഷി ആഫീസർമാരുടെ ശുപാർശയോടു കൂടി മാത്രമേ കീടനാശിനികളുടെ വിൽപ്പന നടത്താൻ പാടുള്ളുവെന്ന് ഉറപ്പുവരുത്തുവാൻ നടപടി സ്വീകരിക്കുമോ ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ ?

ബി) കൃഷി വകുപ്പിലെ കൃഷി ഓഫീസറുടെ റാങ്കിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥന്റെ കുറിപ്പടിയുടെ അടിസ്ഥാനത്തിൽ മാത്രമേ വിൽപ്പന ശാലകളിൽ നിന്നും കീടനാശിനികൾ നൽകാവൂ എന്ന് ജി.ഒ (എം.എസ്) നം.22/2011/കൃഷി തീയതി 17.1.2011 ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്. വീഴ്ച വരുത്തുന്ന ഡീലർമാർക്കെതിരെ കർശന നടപടി കൈക്കൊള്ളുമെന്നും ഉത്തരവിൽ പറയുന്നുണ്ട്. കർഷകരുടെ വിളകൾ രോഗബാധയിൽ നിന്നും സംരക്ഷിക്കുന്നതിന് വേണ്ട മാർഗ്ഗ നിർദ്ദേശങ്ങളും സസ്യസംരക്ഷണ മാർഗ്ഗങ്ങളും കരുതൽ നടപടികളും ഉൾപ്പെടെ നിർദ്ദേശിക്കുന്നതിനുള്ള ഉത്തരവാദിത്വം കൃഷി ഓഫീസറിൽ നിക്ഷിപ്തം ആയിരിക്കുമെന്നും ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. ബന്ധപ്പെട്ട സർക്കാർ തീരുമാനത്തെക്കുറിച്ച് എല്ലാ കർഷകരെയും കീടനാശിനി വിൽപ്പന നടത്തുന്നവരെയുംകർഷക തൊഴിലാളികളെയും ബോധവൽക്കരിച്ചിട്ടുണ്ട്. നോട്ടീസുകൾ വിതരണം നടത്തിയും പോസ്റ്ററുകൾ കൃഷി ഭവനുകളിൽ പ്രദർശിപ്പിച്ചിട്ടുണ്ട്. കീടനാശിനി ചില്ലറ ഡീലർമാരുടെ ഒരു യോഗം വിളിച്ചുചേർക്കുകയും വിശദാംശങ്ങൾ അറിയിക്കുകയും ഉത്തരവു പാലിക്കാത്ത പക്ഷം ഉണ്ടാകുന്ന ഭവിഷ്യത്തുകൾ സംബന്ധിച്ചും ബോധവൽക്കരണം നടത്തിയിട്ടുണ്ട്. സർക്കാർ ഉത്തരവ് പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പു വരുത്തുന്നതിനായി ഒരു ജില്ലാതല സമിതി രൂപീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ